# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 73 — 06.06.2018 -ലെ മറുപടി

### കടിവെള്ളത്തിൽ ഫ്ലൂറൈഡ്, ആർസെനിക് എന്നിവയുടെ സാന്നിദ്ധ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | ശ്രീ.മാത്യു ടി തോമസ്<br>ജലവിഭവ വകുപ്പുമന്ത്രി |
| എ) സംസ്ഥാനത്ത് കടിവെള്ളത്തിൽ ഫ്ലൂറൈഡ്, ആർസെനിക് എന്നിവയുടെ അംശം കണ്ടെത്തിയ ഗ്രാമങ്ങളെ സംബന്ധിച്ച പഠന വിവരങ്ങൾ ലഭ്യമാക്കുമോ; ഇങ്ങനെ കണ്ടെത്തിയിട്ടുള്ള ഗ്രാമങ്ങൾക്കായി ഏതെങ്കിലും കേന്ദ്ര പദ്ധതികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) ദേശീയ ഗ്രാമീണകടിവെള്ളപദ്ധതിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഗുണനിലവാരപരിശോധന ലാബുകളിൽ ഗ്രാമീണമേഖലയിലെ കടിവെള്ളസ്രോതസ്സുകളുടെ ജലഗുണനിലവാരപരിശോധന നടത്തിയത് അനുസരിച്ച് 2015-16 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്ത് ആകെ 95 ഗ്രാമപഞ്ചായത്ത് വാർഡുകൾ ഫ്ലൂറൈഡ് ബാധിതപ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ഗുണനിലവാര മാനദണ്ഡമനുസരിച്ച് 2017-18 സാമ്പത്തിക വർഷത്തിൽ ഇത് 34 ആയി ചുരുങ്ങിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ ആർസെനിക് ബാധിത പ്രദേശങ്ങളൊന്നും തന്നെ കണ്ടെത്തിയിട്ടില്ല.<br><br>2015-16 ലെ സ്ഥിതി കണക്കിലെടുത്ത് കേന്ദ്രസർക്കാർ ഫ്ലൂറൈഡ്-ആർസെനിക് ബാധിത പ്രദേശങ്ങൾക്കായി ഹ്രസ്വ-ദീർഘകാല പദ്ധതികളാവിഷ്കരിച്ചിട്ടുണ്ട്. ഫ്ലൂറൈഡ് ബാധിത പ്രദേശത്തെ ജനങ്ങൾക്ക് ആളോഹരി 8 മുതൽ 10 ലിറ്റർ വരെ ശുദ്ധജല ലഭ്യത താൽക്കാലിക അടിസ്ഥാനത്തിൽ ഉറപ്പാക്കുവാൻ വേണ്ടി നീതി അയോഗ് 19.73 കോടി രൂപ കേരളത്തിനായി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ,ആലപ്പുഴ, പാലക്കാട് ജില്ലകളിലെ ഫ്ലൂറൈഡ് ബാധിത വാർഡുകളിലേക്ക് പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചും റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിച്ചും ശുദ്ധ ജലം ലഭ്യമാക്കുവാൻ 16.29 കോടി രൂപയുടെ പ്രൊപ്പോസലുകൾ അംഗീകരിച്ചിട്ടുണ്ട്. ഇവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച വരുന്നു. കൂടാതെ ഫ്ലൂറൈഡ് |

| | | |
|---|---|---|
| | | ബാധിത വാർഡുകളിൽ 2020 ഓട് കൂടി പുതിയ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി ശുദ്ധജലം ലഭ്യമാക്കുവാൻ പ്രത്യേക ദേശീയ ജല ഗുണനിലവാര ഉപപദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി) | ഫ്ലൂറൈഡ്, ആർസെനിക് എന്നിവയുടെ അംശം കണ്ടെത്തിയ ഗ്രാമങ്ങളിൽ കുടിവെള്ളം എത്തിക്കാനുള്ള പ്രത്യേക ദേശീയ ജല ഗുണനിലവാര ഉപപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഈ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ? | ബി) സമർപ്പിച്ചിട്ടില്ല |

**സെക്ഷൻ ഓഫീസർ**